കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെൻമണിക്കര ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)446/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:12/06/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെൻമണിക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെൻമണിക്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, ഖണ്ഡികയിലേക്കും ഭാഗം 3-ലെ 3-3, 3-9, 3-12 ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6) 446/19 തീയതി: 12/06/19

തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്

തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 01.04.2017 മുതൽ 31.03.2018 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2019 മുതൽ 21.02.2019 വരെ (18.2.19, 19.2.19എന്നീ തീയ്യതികളിൽ ഓഫീസിൽ ഹാജരായി) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീ.റഫി ജോൺ<br>ഓഡിറ്റ് ഓഫീസർ<br>2) ശ്രീ.പ്രശാന്ത് ടി.ജി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3) ശ്രീ.സുനിൽ കുമാർ കെ.സി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>4) ശ്രീ.ജീജോ ജോബ്<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷീല മനോഹരൻ | 01-04-2017 മുതൽ - 31/03/2018 |
| സെക്രട്ടറി | പി.എസ്.വത്സൻ | 01/04/2017-08 /05/2017 |
| | മനോജ്.എ.എസ് | 09/05/2017-11/06/2017 |
| | എം.വിജയലക്ഷ്മി | 12/06/2017-31/03/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ഷീബ ജോർജ്ജ് | 01/04/2017 – 26/07/2017 |
| | റാണി.ടി.ജി | 27/07/2017-31/03/2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | അനു.പി.പ്രഭു | 01.04.2017 -31.03.18 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ലക്ഷ്മി . | 01/04/2017-30/08/2017 FN |
| | ഡോ.ഷീല വാസു | 30/08/2017 AN - 31/03/2018 |
| വെറ്ററിനറി സർജൻ | പ്രദീപ്.സി.എ | 01/04/2017-04/06/2017 FN |
| | സുമി ചന്ദ്രൻ.പി | 04/06/2017 AN-31/03/2018 |
| വി.ഇ.ഒ. 1 | ബിന്ദു.കെ.കെ | 01/04/2017 - 31/03/2018 |
| വി.ഇ.ഒ 2 | ലിൻസൺ ഡേവിസ് | 01/04/2017-30/06/2017 |
| | സന്ദീപ്.എ.വി | 01/07/2017-31/03/2018 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ (NHRM) | അനീസ | 01/04/2017-30/06/2017 |
| | അജിത്ത് കുമാർ | 01/07/2017-31/03/2018 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം (NRHM) | ലെസ്‌ലി വില്യംസ് | 01/07/2017-31/03/2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബിജിമോൾ.സി.എസ് | 01/04/2017-31/03/2018 |
| അസിസ്റ്റന്റ് സെക്രട്ടറി | മനോജ്.എ.എസ് | 01/04/2017-31/03/2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മുഹമ്മദ് റീസ് | 01/07/2017-31/03/2018 |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് രൂപീകരണ പ്രക്രിയയിലെ പോരായ്മകൾ | 2-1 |
| 14 | വാണിജ്യകെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ പാർക്കിംഗ് സ്ഥലം ഉൾപ്പെടുത്തിയില്ല- വസ്തുനികുതി നിർണ്ണയത്തിൽ കുറവ്. | 2-2 |
| 15 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-3 |
| 16 | ഡി & ഒ ലൈസൻസ് സംബന്ധിച്ച പൊതു അപാകതകൾ | 2-4 |
| 17 | കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല.- ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മ | 2-5 |
| | ഭാഗം-3 | |
| 18 | ശമ്പളപരിഷ്കരണ കുടിശ്ശിക – ആർജ്ജിതാവധി സറണ്ടറിനുള്ള ക്ഷാമബത്ത കണക്കാക്കിയതിൽ അപാകത | 3-1 |
| 19 | ഹരിതകേരളം പദ്ധതിയിൽ ക്യാമറകൾ സ്ഥാപിക്കൽ - അപാകതകൾ | 3-2 |
| 20 | സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല | 3-3 |
| 21 | സാമൂഹിക ആസ്തി സംരക്ഷണം - നീർത്തടമാസ്റ്റർപ്ലാൻ പുതുക്കൽ പദ്ധതി - അപാകതകൾ | 3-4 |

| | | |
|---|---|---|
| 22 | ലൈഫ് പൂർത്തീകരിക്കാത്ത ഭവനത്തിന്റെ പൂർത്തീകരണം | 3-5 |
| 23 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3-6 |
| 24 | ചട്ടപ്രകാരമുള്ള ഇടവേള നൽകാതെ പത്രപരസ്യം നൽകി | 3-7 |
| 25 | ഇ-ടെണ്ടർ: LSGD ഡിവിഷൻ ഓഫീസിൽ നിന്നും ടെണ്ടർ ഫോറം വില ലഭ്യമാക്കിയിട്ടില്ല. | 3-8 |
| 26 | LS Provision അധികനിരക്കിൽ വകയിരുത്തി: തിരുത്തൽ നടപടികൾ ആവശ്യപ്പെടുന്നു. | 3-9 |
| 27 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സിങ്കിൾ ടെണ്ടർ തുറന്നു. | 3-10 |
| 28 | സോളിങ്ങ്, കോൺക്രീറ്റിങ്ങ്, ടാറിങ്ങ് എന്നിവക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചു; സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം | 3-11 |
| 29 | പുറമ്പോക്ക് ഭൂമി-സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ചിട്ടില്ല. | 3-12 |
| 30 | സാമ്പത്തിക വർഷാവസാനം പദ്ധതികൾ ഉപേക്ഷിക്കൽ -നടപടികൾ ക്ഷണിക്കുന്നു. | 3-13 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – അനുബന്ധം -1 | |
| 42 | ഓഡിറ്റ് സംക്ഷിപ്തം – അനുബന്ധം -2 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്:

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ്
28/03/2017തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19/03/2018 തീയതിയിലെ 2- ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുൻബാക്കി | 10888337 |
| വരവ് | 110272000 |
| ആകെ | 121160337 |
| ചെലവ് | 112131263 |
| നീക്കിയിരിപ്പ് | 9029074 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 28/05/2018 | 01/06/2018 | 04/06/2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-2018 | 22/06/2018-23/06/2018 | കെ.എസ്.എ-ടി.എസ്.ആർ(ഇ3)1150/18(51) തിയ്യതി 10/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19101366 |
| വരവ് | 53096194 |
| ആകെ | 72197560 |
| ചെലവ് | 65167599 |
| നീക്കിയിരിപ്പ് | 7029961 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 10458000 | 10458000 | 9410632 | 1047368 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 4829049 | 4829049 | 4783071 | 45978 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 38984 | 38984 | 13406 | 25578 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 7074000 | 7074000 | 6959620 | 114380 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 2591000 | 2591000 | 2589473 | 1527 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 4912141 | 4912141 | 4604692 | 307449 |

| | | | | | | |
|---|---|---|---|---|---|---|
| കെ. എൽ. എസ്.ജി. ഡി.പി (ACR പ്രകാരം) | | - | 2669183 | 2669183 | 2450790 | 218393 |
| സാക്ഷരത | | 0 | 0 | 76687 | 0 | 76687 |
| എം.എൻ.ആർ.ഇ.ജി.എസ് | കൂലി | - | 2723582 | 2723582 | 2723582 | - |
| | മെറ്റീരിയൽചെലവ് | - | 2363553 | 2363553 | 2363553 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7948.50 | 550131 | 558079.50 | 541462 | 16617.50 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഐ.സി.ഡി.എസ് | 964810 | 432369 | 1397179 | 309950 | 1087229 |
| | ടി.എസ്.സി. | - | 128365 | 128365 | 103365 | 25000 |
| | നിർമ്മൽ പുരസ്കാരം | - | - | - | - | - |
| | സെൻട്രൽ ഗ്രാന്റ് | - | - | - | - | - |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | 25000 | 12500 | 37500 | 6076 | 31424 |
| | ശുചിത്വമിഷൻ | - | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 25000<br>620508 | 260500<br>320000 | 285500<br>904508 | 260500<br>225092 | 25000<br>715416 |
| | ജില്ലാ പഞ്ചായത്ത് | -<br>- | 500000 | 500000 | 500000 | -- |
| ബി ഫണ്ട് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് TDCB | 7101625 | 12251027 | 19352652 | 15141998 | 4210654 |
| | SBI-E payment | 0 | 114899 | 114899 | 54110 | 60789 |
| | ട്രഷറി അക്കൗണ്ട്(STSB-2) | 10108165 | 9751220 | 19859385 | 18220667 | 1638718 |
| | STSB-ജോയിന്റ് വെഞ്ചർ | 500000 | 1080500 | 1580500 | 1971009 | -390509 |
| മറ്റിനം | ഗുണഭോക്തൃവിഹിതം | 25146 | 942154 | 967300 | 942966 | 24334 |
| | പൈക്ക | 152043 | 0 | 152043 | 0 | 152043 |
| | ബ്ലോക്ക് പഞ്ചായത്ത്(other specific purpose) | 142011 | 0 | 142011 | 0 | 142011 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 55971583 | 144 | 35807358 | 51 | 0 | 73.85 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7948.50 | 550131 | 558079.50 | 541462 | 16617.50 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 2723582 | 2723582 | 2723582 | - |
| മെറ്റിരീയൽ കോസ്റ്റ് | - | 2363553 | 2363553 | 2363553 | - |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65040 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 4163600 | 346 |
| വിധവാപെൻഷൻ | 11376500 | 947 |
| വാർദ്ധക്യകാലപെൻഷൻ | 1719800 | 1300 |
| വികലാംഗപെൻഷൻ | 2945700 | 245 |
| അവിവാഹിത പെൻഷൻ | 980800 | 83 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-02-2019, 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45,954/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

കേരള പഞ്ചായത്ത് രാജ്(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം വാർഷിക ഓഡിറ്റ് നടത്തുന്ന പഞ്ചായത്തിന്റെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച് എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതോടൊപ്പം നടപടിക്രമം പാലിച്ചുകൊണ്ടുതന്നെയാണൊ ചെലവ് ചെയ്തിട്ടുള്ളതെന്നും ഭരണപരമായ കാര്യക്ഷമത, പഞ്ചായത്തിന്റെ സാമ്പത്തിക അച്ചടക്കം എന്നിവയെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന വിഷയങ്ങളിലേക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

- ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ)123/2009/ത.സ്വ.ഭ.വ തീ.02.07.2009 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സേവനാവകാശികൾക്ക് മാന്യതയും ആദരവും നൽകുന്നതിന് ഭൗതികസാഹചര്യങ്ങൾ ഒരുക്കണമെന്നും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ റാമ്പ് സംവിധാനം ഒരുക്കുന്നതിനെപ്പറ്റിയും ഇതിൽ പരാമർശമുണ്ട്. എന്നാൽ നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സ്ഥിതി ചെയ്യുന്നത് ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സേവനങ്ങൾക്കായി പഞ്ചായത്തിനെ സമീപിക്കാൻ സാധിക്കാത്ത വിധത്തിൽ ഒന്നാം നിലയിലാണ്. ഇവിടേക്ക് റാമ്പ് സംവിധാനം ഒരുക്കിയിട്ടുമില്ല.
- പഞ്ചായത്തിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ച ഹാജർബോർഡ് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടില്ല.
- അന്നന്ന് ലഭിച്ച തപാലുകൾ രജിസ്ട്രേഷൻ വിതരണരജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട് എന്ന് ചുമതലാ കൈമാറ്റത്തിനുമുൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഫ്രണ്ട്ഓഫീസ് ഡയറി പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി രൂപീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ട ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി രൂപീകരിച്ചതിനോ യോഗം ചേർന്നതിനോ രേഖകളില്ല.
- പണം സൂക്ഷിക്കുന്നതിനുള്ള കാഷ് ചെസ്റ്റ് സുരക്ഷിതമായി സ്ഥാപിച്ചിട്ടില്ല.

- സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
- ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കുന്നതിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതി മുമ്പാകെ വെയ്ക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്.
- പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നു കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.
- ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. ഉദാഹരണത്തിന് ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ്ധാന്തി പുലർത്തേണ്ടതാണെന്ന് വിവിധ സർക്കുലറുകൾ പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നെൻമണിക്കര പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും ഇല്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമിയിൽ കൈയ്യേറ്റങ്ങളില്ല എന്ന് ഉറപ്പിക്കുവാനും ഭാവിയിൽ കൈയ്യേറ്റങ്ങളുണ്ടാകാതിരിക്കുവാനുമുള്ള നടപടികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൈക്കൊള്ളേണ്ടതാണ്.
- റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിററി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/02/2019 | 2019 ജനുവരി | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/09/2010 – 18/09/2010 | 2005-06 to 2009-10 | 03/11/2010 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2014216 | 1937708 | 88443 | 4025 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2014216 | 1937708 | ഇല്ല | 3282* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance collection- Property Tax on Residential building-ന്റെ ലെഡ്ജർ) | *(3446/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2865279 | 2466826 | 98750 | 189658 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2865279 | 2414425 | ഇല്ല | 379479* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection- Property Tax on Non Residential | *(398453/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | | building-ന്റെ ലെഡ്ജർ) | |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 360423 | 359436 | | 10769 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 360423* | 359436 | | 5472** |
| | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), *((1014618+ 172560)/ 105x100=) 1130646 രൂപ കുടിശ്ശികയെ റെസിഡൻഷ്യൽ -നോൺ റെസിഡൻഷ്യൽ ആയി തിരിച്ചു. 360423+ 770223) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | | **(5745/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 770223 | 585842 | | 151594 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 770223* | 549579 | | 151452** |
| | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), *((1014618+ 172560)/ 105x100=) 1130646 രൂപ കുടിശ്ശികയെ റെസിഡൻഷ്യൽ -നോൺ റെസിഡൻഷ്യൽ | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43) | | **(159025/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | ആയി തിരിച്ച. 360423+ 770223) | | | |

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 102645 | 18999 | 121644 | 98224 | 18173 | 116397 | 4911 | 206 | 565 | 771 |
| | നോൺ-റെസിഡൻഷ്യൽ | 139982 | 70307 | 210289 | 123777 | 62277 | 186054 | 5399 | 9488 | 7589 | 17077 |
| | ആകെ | | | 331933 | | | 302451 | 10310 | 17848 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 56532 | | | 265501 | | | | 28333 | | |
| | | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

2.4.1. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3) എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.4.2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്. സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി കണക്കുകൂട്ടുന്ന തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്. വലിയ വ്യത്യാസം വന്നിട്ടുള്ള തുകകൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി | വസ്തുനികുതിയുടെ 5% ലൈബ്രറി സെസ്സ് | "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം ചേർത്തിരിക്കുന്ന തുക |
|---|---|---|---|
| നോൺ റസിഡൻഷ്യൽ -കുടിശ്ശിക ഡിമാന്റ് | 770223 | 38511 | 70307 |
| നോൺ റസിഡൻഷ്യൽ -കുടിശ്ശിക കളക്ഷൻ | 585842 | 29292 | 62277 |

2.5 1/4/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. 2017-18 വർഷത്തിൽ 156 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ "110100101/110100103-Property tax on residential/non residential buiding" എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ

സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

*മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.*

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. ടെണ്ടർ ഫോം വില്പന ഇനത്തിൽ 64,550 രൂപ വരവുണ്ട്. എന്നാൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

5. ഓഡിറ്റ് റിക്കവറി ഇനത്തിൽ 200 രൂപ വരവുണ്ട്. എന്നാൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

6. തൊഴിൽ നികുതി (ജീവനക്കാർ) ഡി.സി.ബി രജിസ്റ്റർ പ്രകാരം 31/3/18 ൽ 2,11,120 രൂപ കുടിശ്ശികയുണ്ട്. തൊഴിൽ നികുതി (ജീവനക്കാർ) തുക യഥാർത്ഥത്തിൽ സ്വീകരിക്കുമ്പോൾ മാത്രം വരുമാനമായി ചേർത്താൽ മതിയെന്ന്, പഞ്ചായത്തുകൾ പിന്തുടരേണ്ടുന്ന അക്കൗണ്ടിങ്ങ് നയങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ (സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011) ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

7. പരസ്യ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക 2,97,000 രൂപയും കളക്ഷൻ 74,250 രൂപയുമാണ്.

വാർഷിക കണക്കുകൾ പ്രകാരം ഡിമാന്റും കളക്ഷനും 74,250/- രൂപയുമാണ്. ജി.എസ്.ടി നിലവിൽ വരികയും പരസ്യനികുതി പിരിവ് നിർത്തലാക്കുകയും ചെയ്തതിനാൽ ബാക്കി തുകയായ 2,22,750/- രൂപ പിരിക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ കളക്ഷൻ തുക തന്നെ ഡിമാന്റ് ആയി ചേർത്തിരിക്കുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം എടുക്കുന്നതു വരെ കുടിശ്ശിക തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും തീരുമാനത്തിനനുസൃതമായി രജിസ്റ്ററും വാർഷികകണക്കുകളും ക്രമീകരിക്കേണ്ടതുമാണ്.

8. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി))

9. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം "340100101-Contractors Earnest Money Deposit" എന്ന ശീർഷകത്തിൽ 10,500 രൂപ നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇതിൽ 5000 രൂപ 30/9/2012-ൽ സ്വീകരിച്ചിട്ടുള്ളതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(6) പ്രകാരം ഈ തുക വരുമാനമായി അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം "460100103- Temporary advance for official purposes"എന്ന ശീർഷകത്തിൽ 39,110 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ തുക മുൻവർഷങ്ങളിൽ നിന്നും അഡ്വാൻസ് രജിസ്റ്ററിൽ എടുത്തെഴുതി വരുന്നതും അഡ്വാൻസ് രജിസ്റ്റർ പ്രകാരം ആർക്കാണ് കൊടുത്തിരിക്കുന്നത് എന്നതിന് വ്യക്തതയില്ലാത്തതുമാണ്. തുക നൽകിയതിന്റെ വൗച്ചർ പരിശോധിച്ച് തുക കൈപ്പറ്റിയ ആളിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. ( സർക്കാർ ഉത്തരവ് 419/11 ഫിൻ തീ. 4/10/2011)

11. തൊഴിലുറപ്പ്പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

11.1 പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 56,28,597 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ 4 കാനകൾ നിർമ്മിക്കുന്നതിനുള്ള 8,33,497/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 8,33,497/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 8,33,497/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള ക്യാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

12. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

12.1 ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

13. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 20,948 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

13.1സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

14. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (351980) |
| 280100104-Prior period income-Property tax on non residential buildings | 1326 |
| 280200401-Prior period income-Other income | 49387 |
| 280800201-Prior period- Administrative expenses | (1171 ) |

15. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

15.1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം "Cash and Cash equivalents at the end of period” 67,80,049/- രൂപയാണ്. എന്നാൽ റസീറ്റ് & പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം 31/3/18 ലെ കാഷ് ബാങ്ക് നീക്കിയിരിപ്പ് തുക 70,29,916/- രൂപയാണ്.

15.2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in cash and cash equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12,321,317 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,12,51,607 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

16. TDCBയിലുള്ള സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിന്റെ 31/3/2018-ലെ ബാങ്ക് റീകൺസീലിയേഷനിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

16.1 28/2/2018-ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ള 22,340 രൂപ (ചെക്ക് നമ്പർ 15263) ബാങ്ക് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോകുകയും 2/2018-ലെ റീകൺസീലിയേഷൻ പത്രികയിൽ ഇത് കണ്ടെത്തിയതിനെ തുടർന്ന് 1/3/2018 തീയ്യതിയിൽ ഈ ചെലവ് രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ 31/3/2018-ലെ റീകൺസീലിയേഷൻ പത്രികയിൽ ഈ തുക " Directly debited by bank” എന്ന ശീർഷകത്തിലും “Cheque issued but not presented” എന്ന ശീർഷകത്തിലും ഒരു പോലെ രേഖപ്പെടുത്തിക്കൊണ്ടാണ് പാസ്സ്ബുക്ക് നീക്കിയിരിപ്പും ബാങ്ക് ബുക്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുത്തിയിരിക്കുന്നത്. തുക ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വന്നതിനാലും ചെക്ക് ബാങ്കിൽ നിന്ന് പണമാക്കി മാറ്റിയിട്ടുള്ളതിനാലും ബാങ്ക് റീകൺസീലിയേഷനിലെ ഈ രണ്ട് രേഖപ്പെടുത്തലുകളും ഒഴിവാക്കേണ്ടതാണ്.

16.2 14/12/2017-ൽ 396 രൂപ പാസ്സ്ബുക്കിൽ ഡെബിറ്റ് വന്നിട്ടുണ്ട്. 31/3/2018 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക " Directly debited by bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2017-18 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

16.3 "Directly credited by bank" എന്ന ഇനത്തിൽ 1,64,320 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| 28/2/2018 | 105760 |
| 28/2/2018 | 58555 |
| 30/11/2017 | 5 |
| ആകെ | 164320 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെട്ടതുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2017-18-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

16.4 താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| ലഭ്യമല്ല | 26/12/17 | 13926 |
| ലഭ്യമല്ല | 8/1/2018 | 391 |

16.5 ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 2,59,806 രൂപ "Cheques deposited but not credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 31700349 | 17/02/2018 | 7000 |
| 31700248 | 23/12/2017 | 13920 |

17. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

ഡെപ്യൂട്ടി ഡയറക്ടർ

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണ പ്രക്രിയയിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളെയും മറ്റ് ആവശ്യങ്ങളെയും പരിഗണിച്ചു കൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതും അത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്തിന് മുമ്പാകെ അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്.

എന്നാൽ 2017-18 വർഷത്തെ ബജറ്റ് രൂപീകരണത്തിലും അംഗീകാരത്തിലും മേൽചട്ടപ്രകാരമുള്ള നടപടിക്രമങ്ങളോ സമയക്രമമോ

പാലിച്ചതായി കാണുന്നില്ല. ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്ത വിവരങ്ങൾ, ഘടകസ്ഥാപനങ്ങൾ തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റ്, സെക്രട്ടറി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റ് മുതലായ ബജറ്റ് രൂപീകരണത്തിന് അടിസ്ഥാനമാക്കിയ രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി 25.02.2017നും, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി 27.02.2017നും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 03.03.17 നും 2017-18 ബജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശകൾ അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് ശുപാർശകൾ മിനുട്സിൽ ഇല്ല. 25-03-2017 ന് മാത്രമാണ് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് പഞ്ചായത്ത് കമ്മറ്റിയിൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുന്നത്. പഞ്ചായത്ത് കമ്മറ്റി ബജറ്റ് അംഗീകരിക്കുന്നത് 28.03.2017 ലാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ:10/17-18 തീയതി 15-02-19) മറുപടി ലഭ്യമാക്കിയില്ല. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഭാവിയിൽ ബജറ്റ് മാനുവലിലെ നിർദ്ദേശ പ്രകാരം ബജറ്റ് രൂപീകരിക്കുന്നതിനും അംഗീകരിച്ച ബജറ്റ് പ്രകാരം ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വാണിജ്യകെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ പാർക്കിംഗ് സ്ഥലം ഉൾപ്പെടുത്തിയില്ല- വസ്തുനികുതി നിർണ്ണയത്തിൽ കുറവ്.

ഫയൽ : ശ്രീ.റാഫേൽ വെളിയത്ത് കുടി, തലോർ പി.ഒ എന്നയാളുടെ വാണിജ്യ കെട്ടിടത്തിന് 5/447 E മുതൽ I വരെയുള്ള നമ്പർ അനുവദിച്ചത് സംബന്ധിച്ച്.

നെൻമണിക്കര വില്ലേജിൽ സർവ്വെ നമ്പർ-987/2 ൽ ശ്രീ.റാഫേൽ വെളിയത്ത് കുടി, തലോർ പി.ഒ, എന്നയാളുടെ ഉടമസ്ഥതയിലുള്ള 0.0564 ഹെക്ടർ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ വാണിജ്യ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം താഴെ ചേർക്കുന്നു.

Cellar parking Area – 245 m2

Cellar floor Area - 27 m2

Ground Floor – 306.42 m2

First Floor - 27.00 m2

------------

Total - 605.42 m2

============

മേൽ കെട്ടിടത്തിന് 5/447 E മുതൽ I വരെ 5 കെട്ടിടനമ്പറുകളാണ് അനുവദിച്ചിട്ടുണ്ടത്. ഫയൽ പ്രകാരം വസ്തു നികുതി കണക്കാക്കുന്നതിനായി എടുത്തിട്ടുള്ള കെട്ടിടമുറികളുടെ തറവിസ്തീർണ്ണം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ | തറവിസ്തീർണ്ണം(ച.മീ.) |
|---|---|---|
| 1 | 5/447 E | 91.29 |
| 2 | 5/447 F | 45 |
| 3 | 5/447 G | 57.47 |
| 4 | 5/447 H | 53.36 |
| 5 | 5/447 I | 113.28 |
| ആകെ | | 360.40 |

പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണമായ 605.42m2ൽ വസ്തുനികുതി കണക്കാക്കിയിരിക്കുന്നത് 360.40m2 ന് മാത്രമാണ് . കെട്ടിടത്തിനുള്ളിലെ പാർക്കിംഗ് സ്ഥലമായ 245m2 ന് വസ്തുനികുതി കണക്കാക്കിയിട്ടില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ-17/17-18 തീയതി 20/02/19) വസ്തുനികുതി സംബന്ധിച്ച 14/01/2011 ലെ 20/2011 നമ്പർ സർക്കാർ ഉത്തരവ്, 13/03/2013 ലെ 88/2013/ത.സ്വ.ഭ.വ. നമ്പർ ഭേദഗതി ഉത്തരവ് എന്നിവയിൽ ചട്ടം 3(2,3) എന്നിവയിൽ കാർപോർച്ച് തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലാണ് കാർ പാർക്കിംഗിന് ഉദ്ദേശിച്ചിട്ടുള്ള വിസ്തൃതി നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്താതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3 (3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു കാർപോർച്ച് ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ

തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിനുള്ളിലെ പാർക്കിംഗ് സ്ഥലം കാർപോർച്ച് ആയി കണക്കാക്കാവുന്നതല്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, FAR മുതലായവ കണക്കാക്കുന്നതിനായി കെട്ടിടത്തിനുള്ളിൽ പാർക്കിംഗിനായി മാറ്റി വച്ച സ്ഥലങ്ങൾ ഒഴിവാക്കാമെങ്കിലും വസ്തുനികുതി കണക്കാക്കുന്നതിനായി തറവിസ്തീർണ്ണം പരിഗണിക്കുമ്പോൾ പൊതു ഉപയോഗത്തിന് മാറ്റിവെച്ച സ്ഥലമായി കണക്കാക്കി തറവിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടി ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. മേൽ കെട്ടിടത്തിന്റെയും ഇപ്രകാരം ഏതെങ്കിലും കെട്ടിടങ്ങൾക്കുള്ളിലെ പാർക്കിംഗ് സ്ഥലം ഒഴിവാക്കി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അവയുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

2017-18 വർഷത്തിൽ സ്ഥാപനത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത വ്യക്തികൾ, പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മറ്റ് പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടയ്ക്കാത്ത കരാറുകാരിൽ നിന്നും അടുത്ത വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട് (എൻക്വയറി നമ്പർ - 12/17-18 തീയതി 16/02/19) .

(എ)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാകുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് ഭാവിയിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) സ്ഥാപനങ്ങൾ നൽകുന്ന ജീവനക്കാരുടെ തൊഴിൽ നികുതി പട്ടികയിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി സ്ലാബ് പ്രകാരം തന്നെ നികുതി ഈടാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഉദാഹരണമായി ഡെക്കാത്ത്ലൺ സ്പോർട്സ് എന്ന സ്ഥാപനം സമർപ്പിച്ച പട്ടിക പ്രകാരം തൊഴിൽ നികുതി സ്ലാബിൽ നിന്നും വ്യത്യസ്തമായി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു. ആയത് പരിശോധിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് സംബന്ധിച്ച പൊതു അപാകതകൾ

(എ)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സഞ്ചയ യിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1606 വാണിജ്യ കെട്ടിടങ്ങൾ ആണ് ഉള്ളത്. എന്നാൽ 2017-18 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത് 615 സ്ഥാപനങ്ങൾക്ക് മാത്രമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (ഓഡിറ്റ് അന്വേഷണം നമ്പർ-11/16-02-2019) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് വാർഡ് ചുമതലയുള്ള ക്ലാർക്കുമാർക്ക് ഓഫീസ് ഉത്തരവ് പ്രകാരം ചുമതല നൽകിയിട്ടുള്ളതും ആയത് ഉറപ്പ് വരുത്തിയിട്ടുള്ള തുമാണ് എന്നാണ് അറിയിച്ചത്. എന്നാൽ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസുകളുടെ എണ്ണത്തിലുമുള്ള പൊരുത്തക്കേടിന് കാരണം വ്യക്തമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ബി)ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് അപേക്ഷയിലെ എല്ലാ കോളങ്ങളും അപേക്ഷകൻ പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്. പല അപേക്ഷകളിലും മേൽ അപാകതകൾ കാണുന്നു.

ഉദാ: കർണ്ണകി പോട്ടറീസ്, അൻസാസ് ടൈൽസ്, ഹൈക്കൺ പവർ ഇലക്ട്രോണിക്സ്, സെന്റ് മേരീസ് സിറാമിക്സ്, മേഘം ബ്രോയ്ലർ ഫാം

(സി) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി.&ഒ. ലൈസൻസ് ചട്ടങ്ങളിൽ (പട്ടിക1, ക്രമ നം.149) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻ ഷോപ്പുകളിൽ ഒരെണ്ണം മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. റേഷൻ ഷോപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതുമൂലം ലൈസൻസ് ഫീസിനത്തിലും ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലും വരുമാന നഷ്ടം സംഭവിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നികുതി ഈടാക്കുന്നതിനും റേഷൻ റീട്ടെയിൽ ഡിപ്പോകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഡി) കള്ള്ഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 06.10.2016 ലെ 2(9) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾക്ക് ലൈസൻസ് കൊടുത്ത് തൊഴിൽ നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 4 കള്ള് ഷാപ്പുകൾക്ക് ഒന്നും തന്നെ ലൈസൻസ് നൽകുകയോ അവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾക്ക് ലൈസൻസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ കച്ചവടക്കാരിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി(കച്ചവടക്കാർ) എന്നിവ ഈടാക്കുന്നതിന് 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം അനുസരിച്ചുള്ള പഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവടക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/16.02.2019) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 4(1) പ്രകാരം നായയെ വളർത്തുന്ന ഏതൊരാളും ഗ്രാമപഞ്ചായത്തിൽ 10 രൂപ ഒടുക്കി ലൈസൻസ് എടുക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ലൈസൻസില്ലാതെയും ലൈസൻസിന് വിരുദ്ധമായി നായകളെയും പന്നികളെയും വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ 250/- രൂപ വരെയും ലൈസൻസില്ലാതെ തുടരുന്ന ഓരോ ദിവസത്തിനും 50/-രൂപ വരെയും പിഴ ചുമത്താവുന്നതാണ്.

നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ പട്ടികളുടെയും പന്നികളുടെയും ലൈസൻസ് രജിസ്റ്റർ പ്രകാരം 27 ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വെറ്ററിനറി ഡിസ്പെൻസറിയിലെ ലഭ്യമായ രേഖകൾ പ്രകാരം 2017-18 വർഷത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ 221 വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകിയതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ-19/17-18 തീയതി 20/02/2019). ആയതിനാൽ ഭൂരിഭാഗം വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുത്തിട്ടില്ല എന്ന് മനസ്സിലാക്കാം. ലൈസൻസ് എടുക്കുന്നത് സംബന്ധിച്ച ബോധവത്ക്കരണം നടത്തുകയും എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 2-5 കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല.- ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 5(2) പ്രകാരം ബാങ്കിലോ ട്രഷറിയിലോ ഒടുക്കുന്നത് ഉൾപ്പെടെ കാഷ് രൂപത്തിലുള്ള എല്ലാ പണം കൊടുക്കലുകളും കാഷ്ബുക്കിന്റെ ക്രെഡിറ്റ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. മേൽ ചട്ടം 5(4) പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലും നീക്കിയിരിപ്പും പരിഗണിക്കേണ്ടതും കാഷ്ബുക്കിൽ

ഒപ്പ് വെക്കേണ്ടതുമാണ്. കാഷ്യറുടെ കൈവശമുള്ള കാഷ്ബാലൻസും കാഷ്ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന ദിവസങ്ങളിൽ കളക്ഷൻ തുകകൾ തൃശ്ശൂർ ജില്ലാ സഹകരണബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ (A/c No.10713057635) അടവാക്കിയതായി കാണുന്നുണ്ടെങ്കിലും അതേ ദിവസങ്ങളിലെ കാഷ്ബുക്ക് പരിശോധിച്ചതിൽ തുക ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ബാങ്കിൽ അടവാക്കിയ തുകയും കാഷ്ബുക്കിന്റെ ദിനാന്ത്യ നീക്കിയിരിപ്പിൽ ഉൾപ്പെട്ടുവാനിടയായിട്ടുണ്ട്.

| ബാങ്കിൽ അടവാക്കിയ തീയതി | തുക |
|---|---|
| 15/04/2017 | 5737 |
| 17/04/2017 | 33664 |
| 21/04/2017 | 18790 |
| 23/10/2017 | 17321 |
| 23/11/2017 | 36275 |
| 30/01/2018 | 20554 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നമ്പർ-21/17-18 തീയതി 21/02/2019) അക്കൗണ്ടന്റിന്റെ അസാന്നിദ്ധ്യം മൂലമാണ് കോൺട്രാ എൻട്രി രേഖപ്പെടുത്താൻ വിട്ടുപോയത് എന്നും ഇപ്പോൾ പ്രതിദിന കളക്ഷൻ ബാങ്കിൽ അടവാക്കുന്ന അന്ന് തന്നെ കോൺട്രാ എൻട്രി രേഖപ്പെടുത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശമ്പളപരിഷ്കരണ കുടിശ്ശിക – ആർജ്ജിതാവധി സറണ്ടറിനുള്ള ക്ഷാമബത്ത കണക്കാക്കിയതിൽ അപാകത

വൗച്ചർ നമ്പർ : 21700339/05.08.17, തുക - 2,47,297/-

21700340/05.08.17, തുക- 64,366/-

21700540/11.10.17, തുക-51,754/-

21700541/- 11.10.17, തുക - 1,98,841/-

2014 ലെ ശമ്പളപരിഷ്കരണ കുടിശ്ശിക കണക്കാക്കിയതുമായി ബന്ധപ്പെട്ട പത്രികകളുടെ പരിശോധനയിൽ 2015-16 വർഷത്തെ ആർജ്ജിതാവധി സറണ്ടർ ക്ഷാമബത്തയുടെ 'Drawn' ആയി കാണിച്ചിട്ടുള്ള തുക 2015ഏപ്രിൽ മുതൽക്കുള്ള ശമ്പളത്തോടൊപ്പം കൈപ്പറ്റിയിട്ടുള്ള ക്ഷാമബത്തയേക്കാൾ കുറവാണെന്ന് കാണുന്നു. ആയതിനാൽ അർഹതയുള്ള തുകയേക്കാൾ അധികം കുടിശ്ശിക ജീവനക്കാർക്ക് നൽകേണ്ടിവന്നിട്ടുണ്ട്. എന്നാൽ, കൃത്യമായ രേഖകളും വിശദാംശങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ, ഇതു സംബന്ധിച്ച വ്യക്തമായ നഷ്ടം കണക്കാക്കുവാൻ സാധിച്ചില്ല. പ്രാഥമികവിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക നഷ്ടത്തിന്റെ സൂചകമായി മാത്രം താഴെകൊടുക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര്, തസ്തിക | 2015 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം കൈപ്പറ്റിയിട്ടുള്ള ക്ഷാമബത്ത | ആർജ്ജിതാവധി സറണ്ടറിനൊപ്പം കൈപ്പറ്റിയതായി കാണിച്ചിട്ടുള്ള ക്ഷാമബത്ത | വ്യത്യാസം |
|---|---|---|---|---|
| 1 | എം.ആർ.അജിത ജൂനിയർ സൂപ്രണ്ട് | 17406 | 15792 | 1614 |
| 2 | സജി.വി.ഡി സീനി.ക്ലർക്ക് | 12883 | 11984 | 899 |

| | | | | |
|---|---|---|---|---|
| 3 | രഞ്ജിനി.കെ.ബി<br>സീനി.ക്ലർക്ക് | 12883 | 11984 | 899 |
| 4 | ഡെയ്സൺ<br>ഡേവിസ്<br>സീനി.ക്ലർക്ക് | 11644 | 10832 | 812 |
| 5 | ടെസ്സി ജോയ്<br>ക്ലർക്ക് | 10509 | 9776 | 733 |
| 6 | ദിവ്യ വി.ജി<br>ക്ലർക്ക് | 9013 | 7650 | 1363 |
| 7 | സുനിൽദാസ്.എം.എൻ<br>ക്ലർക്ക് | 11954 | 10147 | 1807 |
| 8 | രാജി.കെ.എസ്<br>ക്ലർക്ക് | 8781<br>(മെയ് 2015) | 7453 | 1328 |
| 9 | ഗിരിജൻ കെ.എസ്<br>ഒ.എ | 8333 | 7752 | 581 |
| 10 | ഷിജി.കെ.ജി<br>ഒ.എ | 7903<br>(മാർച്ച് 2015 ലെ ഡിഎ) | 6709 | 1194 |
| 11 | ജേക്കബ്.ജെ.<br>മണ്ടുംപാൽ<br>എഫ്.ടി.എസ് | 11954 | 11120 | 834 |
| | ആകെ | | | 12064 |

(കുറിപ്പ് - വ്യത്യാസം കണക്കാക്കുന്നതിന് 2015 ഏപ്രിൽ മാസത്തെ (രണ്ടു പേരുടേതൊഴികെ) ക്ഷാമബത്തയാണ് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്. സറണ്ടർ ചെയ്തതിന് യഥാർത്ഥത്തിൽ നൽകിയ ക്ഷാമബത്തക്കനുസരിച്ച് കണക്കിൽ വ്യത്യാസം വരാവുന്നതാണ്).

എ) കെ.അജിത, അസി.സെക്രട്ടറി, മിനി തോമസ്, അക്കൗണ്ടന്റ്, രാജേഷ്.ജി, സീനി.ക്ലർക്ക് എന്നിവരുടെ കാര്യത്തിൽ പത്രിക പ്രകാരം വ്യത്യാസം കാണുന്നില്ലെങ്കിലും ഏതു മാസത്തിലാണ് സറണ്ടർ ചെയ്തതെന്ന് വ്യക്തമായാലേ കൃത്യമായ വിലയിരുത്തൽ സാധ്യമാവൂ. എന്നാൽ, വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

ബി) ഷിജി.കെ.ജി, ഒ.എ, രാജി.കെ.എസ്, ക്ലർക്ക് എന്നിവരുടെ കാര്യത്തിൽ ഏതു മാസത്തിലാണ് സറണ്ടർ ചെയ്തതെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

സി) എം.ആർ.അജിത, ജൂനിയർ സൂപ്രണ്ടിന്റെ 2014-15 വർഷത്തെ സറണ്ടർ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (04/13.02.19) മറുപടിയിൽ ജീവനക്കാർ കൈപ്പറ്റിയ തുക പരിശോധനക്കു വിധേയമാക്കി അധികമാണെങ്കിൽ തിരികെ ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ മറുപടിയും രേഖകളും ലഭിക്കുന്നതുവരെ ശമ്പളപരിഷ്കരണകുടിശ്ശിക ഇനത്തിൽ ചെലവുചെയ്ത 5,62,258/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ഹരിതകേരളം പദ്ധതിയിൽ ക്യാമറകൾ സ്ഥാപിക്കൽ - അപാകതകൾ

പദ്ധതി : ഹരിതകേരളം - ക്യാമറകൾ സ്ഥാപിക്കൽ, S0208/18

അടങ്കൽ : 15,71,545/- (1,15,000/-,വികസനഫണ്ട് ജനറൽ, 4,56,545/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 10,00,000/- ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് : 5,55,000/- (115000/- വികസനഫണ്ട് ജനറൽ, 440000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ട്രഷറി ബിൽ : 48/17-18 dt. 23.03.18, തുക – 4,40,000/-, 49/17-18 dt. 23.03.18, തുക – 1,15,000/-

മേൽവിശദാംശങ്ങളോടുകൂടിയ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ താഴെകൊടുക്കുന്നു.

എ) 13.10.17 ലെ ഭരണസമിതി തീരുമാനനമ്പർ 9 പ്രകാരം ഗ്രാമപഞ്ചായത്തിലെ വാർഡ് 2, 3, 5, 10 എന്നിവയിലെ വിവിധ പ്രദേശങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിനായി ക്യാമറകൾ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, പൊതുമരാമത്ത് വകുപ്പ് (റോഡ്) എന്നിവിടങ്ങളിൽ നിന്ന് അനുമതി തേടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇതുവരെയും അനുമതി ലഭിച്ചതായി കാണുന്നില്ല. കൂടാതെ, ക്യാമറകൾ സ്ഥാപിക്കുന്നതിനും ഇലക്ട്രിക് പോസ്റ്റുകളിലൂടെ ഫൈബർ കേബിളുകൾ വലിക്കുന്നതിനും കെ.എസ്.ഇ.ബി യിൽ നിന്നും അനുമതി തേടുന്നതിന് 22.10.18 ലെ 2(4) നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും 25.10.18 ലെ ബി-5727/17 നമ്പർ കത്തുപ്രകാരം അനുമതി തേടി കെ.എസ്.ഇ.ബി മരത്താക്കര സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനും അനുമതി ലഭിച്ചിട്ടില്ല. ആവശ്യമായ ഇത്തരം അനുമതികൾ ലഭിക്കുന്നതിന് മുൻപ് തന്നെ നിർവ്വഹണത്തിനായി പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രോണിക്സ്) വിഭാഗത്തിലേക്ക് തുക കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണം ഇതിനാൽ തടസ്സപ്പെട്ടിരിക്കുന്നു.

ബി) സാങ്കേതികാനുമതി ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

സി) ഗ്രാമപഞ്ചായത്ത് പുതുക്കാട് സബ് ട്രഷറി ഓഫീസർക്ക് അയച്ച 12.6.18 ലെ ബി-5727/13 നമ്പർ കത്തുപ്രകാരം പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന് കൈമാറിയ തുക ഇതുവരെയും പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സബ് ട്രഷറി ഓഫീസറോട് ചലാൻ പകർപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഫയലിൽ സൂക്ഷിച്ചിട്ടുള്ള ചലാൻ പകർപ്പിൽ ട്രഷറി സാക്ഷ്യപ്പെടുത്തലില്ല. ആയതിനാൽ, പൊതുമരാമത്ത് വകുപ്പിന് തുക നൽകിയതിന് രസീതിയും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്യുന്നതുവരെ 5,55,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 15/16.02.19).

## 3-3 സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല

എ) എൻ.ആർ.എച്ച്.എം ഡിസ്പെൻസറികളിലെ അറ്റൻഡർ തസ്തികകളിലുള്ള നിയമനം ക്രമപ്രകാരമല്ല.

13.07.2017 തിയ്യതിയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3-ാം നമ്പർ തീരുമാനപ്രകാരം ശ്രീമതി.അജിത സദാനന്ദനെ ഹോമിയോ ഡിസ്പെൻസറിയിലും ശ്രീമതി. ബിന്ദു വത്സനെ ആയുർവേദ ഡിസ്പെൻസറിയിലും അറ്റൻഡർ തസ്തികയിൽ 600 രൂപ (സ.ഉ.(സാധാ) നം.1099/2017/ത.സ്വ.ഭ.വ, തി.07.04.17 പ്രകാരം) ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം നിയമിതരാവുന്ന ജീവനക്കാരുടെ നിയമനം സ.ഉ.(പി) നം.28/16/ധന തി. 26.02.2016 ലെ വ്യവസ്ഥകൾക്കനുസരിച്ചാവണമെന്ന് ആദ്യം പരാമർശിച്ച ഉത്തരവിൽ പറയുന്നുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാവുന്നവരെ 179 ദിവസത്തിൽ കവിയാത്ത കാലയളവിലേക്ക് മാത്രമേ നിയമിക്കാവൂ എന്ന് പ്രസ്തുത ഉത്തരവിലെ ഖ. 4. iൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽപരാമർശിച്ചവരുടെ നിയമനത്തിൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 07/13.02.19നുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ടിയാളുകളുടെ നിയമനത്തിൽ വിശദമായ നിയമനഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ, അറ്റൻഡർ നിയമനം സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ - ഭൂമിയുടെ വില നിർണ്ണയം ചട്ടപ്രകാരം അധികാരക്ഷമതയുള്ള ഉദ്യോഗസ്ഥൻ നടത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി : അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ, S0165/18

അടങ്കൽ : 4,00,000/- തനത് ഫണ്ട്

ചെലവ് : 3,66,144/-

വൗച്ചർ : 21700862/ 06.02.18 – 35,250/-

21700872/09.02.18 – 3,15,120/-

21700866/08.02.18 – 8,774/-

21700879/14.02.18 – 7,000/-

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 5 സി പ്രകാരം ആർജ്ജിക്കൽ

ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട തഹസിൽദാർ / ജില്ലാ കളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ, മേൽ പദ്ധതിക്ക് പിടിയത്ത് ലോന മകൻ വർഗ്ഗീസിൽ നിന്ന് വാങ്ങിയ .0202 ഹെക്ടർ ഭൂമിക്ക് (സർവ്വെ നമ്പർ 1069/7) 2,42,400/- രൂപ നിശ്ചയിച്ചിട്ടുള്ളത് നെൻമണിക്കര വില്ലേജ് ഓഫീസറാണ്. ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ച് വിലനിർണ്ണയം നടത്തിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/16.02.19 ന് ലഭിച്ച മറുപടിയിൽ സ.ഉ(കയ്യെഴുത്ത്) നമ്പർ 136/07/ആർ.ഡി തിയ്യതി 27.04.17 പ്രകാരം 5 ലക്ഷം രൂപ വരെയുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർക്ക് നൽകാമെന്ന് ഉത്തരവായിട്ടുണ്ട് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഉത്തരവ് പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സംബന്ധിച്ചുള്ളതാണ്. ആയത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭൂമി ആർജ്ജിക്കലിന് ബാധകമാക്കുന്നതിന് സാധിക്കുകയില്ല. ആയതിനാൽ ഭൂമി ആർജ്ജിക്കൽ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സി) പദ്ധതി രൂപീകരണം - ഡാറ്റാഎൻട്രി നടത്തുന്നതിനായി പ്രത്യേകം തുക ചെലവു ചെയ്യുന്നതിന് വ്യവസ്ഥയില്ല

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) നം. 72/2017/ ത.സ്വ.ഭ.വ തി. 29.03.17 ലെ ഖണ്ഡിക 6.11 പ്രകാരം ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചുകഴിഞ്ഞാൽ, പ്രൊജക്ടുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥന്റേതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ച് മാത്രമേ ഡാറ്റാ എൻട്രി നടത്തുവാനും ഭേദഗതി വരുത്തുവാനും കഴിയുകയുള്ളൂ. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) നം. 11/2018/ തസ്വഭവ തി. 29.01.18 ലെ ഖണ്ഡിക 3.5.1 പ്രകാരവും വ്യവസ്ഥകൾ ഇതുതന്നെയാണ്. ആയതിനാൽ, ഡാറ്റാ എൻട്രിക്ക് പ്രത്യേകം തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയുള്ളതായി കാണുന്നില്ല. ശിവാമൃത.എ.എ, തൈക്കാട്ടുശ്ശേരി വീട് എന്നയാൾക്ക് 2017 ഫെബ്രുവരി മാസത്തിൽ 16 ദിവസങ്ങളിൽ ഡാറ്റാഎൻട്രി ചെയ്തതിന് വേതനമായി 10,960/- രൂപ (ഒരു ദിവസത്തേക്ക് 685 രൂപ നിരക്കിൽ, വൗച്ചർ നമ്പർ 21701081/ 13.03.2018) നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (06/13.02.19) മറുപടിയിൽ 2018-19 വർഷത്തെ ഗ്രാമസഭാനിർദ്ദേശങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, കരട് സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പദ്ധതിരേഖ എന്നിവ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി ജോലികൾ നിർവ്വഹിക്കുന്നതിനാണ് തുക ചെലവഴിച്ചതെന്ന് വിശദീകരണം നൽകിയിട്ടുണ്ട്. കരട് സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പദ്ധതിരേഖ എന്നിവയുടെ അച്ചടി ജോലികൾക്ക് പ്രത്യേകം തുക ആസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തിയും നടത്തിയിട്ടുണ്ട്. ആയതിനാൽ ഈ മറുപടി പൂർണ്ണമായി തൃപ്തികരമല്ല. തുടർവർഷങ്ങളിലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഇത്തരം ചെലവുകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഡി) അസാധാരണചെലവുകൾ- ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണചെലവുകൾ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം അസാധാരണചെലവുകൾക്കായി ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക, മുൻവർഷത്തെ അതിന്റെ മിച്ചഫണ്ടിന്റെ ഇരുപതുശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയുമാണ്. എന്നാൽ, അസാധാരണചെലവുകൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ (ചട്ടം 5) സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ അസാധാരണചെലവുകൾ പരിധി കവിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല, പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു അസാധാരണചെലവും പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് (ചട്ടം 4(2)) നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ അസാധാരണചെലവുകൾ ചട്ടപ്രകാരമുള്ള പ്രമേയാവതരണത്തിന്റെ അടിസ്ഥാനത്തിലല്ല നടത്തുന്നതെന്ന് ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (01/12.02.2019) മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, അസാധാരണചെലവുകൾ നിർവ്വഹിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

ഇ) ടാങ്കർലോറി കുടിവെള്ള വിതരണം - സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

വൗച്ചർ നമ്പർ : 21700480/15.09.17, തുക – 2,00,000/-

: 21700618/ 07.11.17, തുക – 2,92,050/-

i) വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സ.ഉ (സാധാ) 662/2017/തസ്വഭവ തിയ്യതി 09.03.2017 പ്രകാരം 31.05.17 വരെ മാത്രം നടത്തിയ പ്രവൃത്തികൾക്കാണ് തുക ചെലവഴിക്കുന്നതിന് അനുമതിയുള്ളത്. എന്നാൽ, 01.06.17 മുതൽ 11.06.17 വരെ ടാങ്കർലോറികളിൽ കുടിവെള്ളവിതരണം നടത്തിയതിന് ശ്രീ.റപ്പായി ചുനംപ്ലാവിൽ ഹൗസ് എന്ന കരാറുകാരൻ 75 ട്രിപ്പുകൾക്ക് 1250/- രൂപ വീതം ആകെ 93,750/- ക്ലെയിം ചെയ്തിട്ടുണ്ട്. ഇതുകൂടി ഉൾപ്പെടുത്തി 19/05/17 മുതൽ 11.06.17 വരെ വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ആകെത്തുകയായ 3,28,750/- രൂപയിൽ ടിയാന് നൽകിയിട്ടുള്ളത് 2,92,050/- രൂപയാണ്. സർക്കാർ ഉത്തരവിലെ കാലയളവു സംബന്ധിച്ച നിബന്ധന പാലിക്കാതെ നടത്തിയ കുടിവെള്ളവിതരണത്തിനായി 57,050/- രൂപ (328750-93750 = 235000/-, 292050-235000 = 57050/-) ചെലവഴിച്ചിട്ടുണ്ട്.

ii) സംസ്ഥാന ഫുഡ്സേഫ്റ്റി കമ്മീഷണറുടെ 11.01.13 ലെ എ-1/2013/സി.എഫ്.എസ് നമ്പർ ഉത്തരവുപ്രകാരം ടാങ്കർ

ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും കുടിവെള്ള വിതരണം ചെയ്യുന്നവർ 2011ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ പ്രകാരം FBO ലൈസൻസ് എടുത്തിരിക്കണം (ഉത്തരവിലെ ക്രമനമ്പർ - 1). അതോടൊപ്പം, കുടിവെള്ള സ്രോതസ്സുകൾക്കും FBO ലൈസൻസ് ഉണ്ടായിരിക്കണം ഇത്തരം ലൈസൻസുള്ള കുടിവെള്ളസ്രോതസ്സുകളിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ എന്ന് ഉത്തരവിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.
ടി വിഷയം സംബന്ധിച്ച 05/13.02.19 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കാലവർഷം 2017 ജൂൺ മാസം പകുതിയോടെ മാത്രമേ എത്തിരുന്നുള്ളൂവെന്നും അടിയന്തിരസാഹചര്യമായതിനാലാണ് കുടിവെള്ള വിതരണം പരിധിക്കപ്പുറം ദീർഘിപ്പിക്കേണ്ടിവന്നതെന്നും FBO ലൈസൻസ് സംബന്ധിച്ച വ്യവസ്ഥ പാലിക്കാൻ കഴിയാതെ പോയതെന്നും വിശദീകരണം നൽകിയിട്ടുണ്ട്. കുടിവെള്ളവിതരണം സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുജനാരോഗ്യ വിഷയമായതിനാൽ ഇക്കാര്യത്തിൽ ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 സാമൂഹിക ആസ്തി സംരക്ഷണം - നീർത്തടമാസ്റ്റർപ്ലാൻ പുതുക്കൽ പദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

പദ്ധതി നമ്പർ: S0211/18

അടങ്കൽ : 32500/- (7500/-വികസനഫണ്ട് ജനറൽ, 25,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവ് : 32,500/-

ട്രഷറി ബിൽ : 03/17-18 dt. 19.01.18, തുക – 16,250/-, 10/17-18 dt. 26.03.18, തുക – 7,500/-, 11/17-18 dt. 26.03.18, തുക – 8,750/-

നീർത്തടമാസ്റ്റർപ്ലാൻ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 29.01.18 ലെ സ.ഉ.(സാധാ) നം. 256/2018 /ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ താഴെപ്പറയുന്ന പ്രകാരമാണ്.

എ) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു നീർത്തടത്തിന് പരമാവധി 15,000/- എന്ന നിരക്കിൽ ഓരോ ഗ്രാമപഞ്ചയാത്തിലും പരമാവധി 30,000/- രൂപയാണ് ചെലവഴിക്കുന്നതിന് അനുമതിയുള്ളത്.

ബി) 2016-17 സാമ്പത്തികവർഷത്തിൽ തൊഴിലുറപ്പപദ്ധതിയിൽ രണ്ടുകോടിയോ അതിൽ കൂടുതലോ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പുപദ്ധതിയുടെ ഭരണനിർവ്വഹണചെലവുകളിൽ നിന്നും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ അതതു ഗ്രാമപഞ്ചായത്തിന്റെ പൊതുഫണ്ട് / തനതുഫണ്ടിൽ നിന്നുമാണ് ചെലവുചെയ്യേണ്ടത്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ താഴെകൊടുക്കുന്നു.

i) പരമാവധി പരിധിയിൽ കവിഞ്ഞ് തുക ചെലവഴിച്ചിട്ടുണ്ട്(32,500/-).

ii) തനതുഫണ്ടിന് പകരം വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളാണ് ചെലവഴിച്ചിട്ടുള്ളത്.

iii) തുക കൊടകര ബ്ലോക്ക്പഞ്ചായത്തിന് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-5 ലൈഫ് പൂർത്തീകരിക്കാത്ത ഭവനത്തിന്റെ പൂർത്തീകരണം

പദ്ധതി നം. 198/2018

അടങ്കൽ 2,00,000

ചെലവ് 1,90,000

ബിൽ.നം. 6/19.1.2018 1,00,000

ബിൽ.നം. 10/13.3.2018 50,000

ബിൽ.നം. 17/28.3.2018 40,000

നിർവ്വഹണ ഉദ്യോഗസ്ഥൻ വി ഇ ഒ, നെന്മണിക്കര ഗ്രാമപഞ്ചായത്ത്.

2017-18 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതിയിൽ പൂർത്തീകരിക്കാത്ത ഭവനത്തിന്റെ പൂർത്തീകരണത്തിനായി 2,00,000 രൂപ വകയിരുത്തിയ പദ്ധതിയിൽ ശ്രീമതി ശോഭന രവി, വെളിയത്ത് വീട്, തലവണിക്കര എന്ന ഗുണഭോക്താവിന് 1,90,000 രൂപ

നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-6 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പദ്ധതി നം. SO 153/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർവൈസർ.

| | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 475000 | 475000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 | 100000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 200000 | 200000 |
| തനത് ഫണ്ട് | 875000 | 775000 |

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (എം.എസ് ) നമ്പർ 80/2017/ത.സ്വ.ഭ.വ.തീയതി.3.4.17 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു വർഷത്തേക്കുള്ള സ്കോളർഷിപ്പ് താഴെപ്പറയുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് പ്രതിമാസം1000/- രൂപ വീതം | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം 1000/- രൂപ വീതം) | 12000 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |
| ആകെ | | 28500 |

പഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരിൽ 28 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ഇവർക്ക് നൽകിയിരിക്കുന്ന പരമാവധി തുക 20,500/- രൂപയാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ട് നടപ്പാക്കുമ്പോൾ പരമാവധി തുകയായ 28,500/- രൂപ തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 1,00,000 രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതും കുട്ടികൾക്കുള്ള വിഹിതം കുറയാൻ കാരണമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ മുഴുവൻ വിഹിതവും ലഭ്യമാവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ചട്ടപ്രകാരമുള്ള ഇടവേള നൽകാതെ പത്രപരസ്യം നൽകി

കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം9(3), അടങ്കൽ തുക 1 ലക്ഷം രൂപക്കും 10 ലക്ഷത്തിനും ഇടക്ക് വരുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യം കുറഞ്ഞത് 10 ദിവസത്തെ സമയം നൽകി പഞ്ചായത്ത് പ്രദേശത്ത് പ്രചാരമുള്ള ഒരു പത്രത്തിലോ ആവശ്യമെങ്കിൽ മറ്റു പത്രങ്ങളിലോ പരസ്യപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ 9 പ്രവൃത്തികളുടെ ടെണ്ടർ 18.03.17-ലെ നോട്ടീസ് നം.5/AE/LSGD/NMK/2016-17 പ്രകാരം ക്ഷണിച്ചിട്ടുണ്ട്. 20.03.17-ലെ ദേശാഭിമാനി ദിനപത്രത്തിലാണ് പരസ്യം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ ഉൾക്കൊള്ളിച്ച വ്യവസ്ഥകൾ പ്രകാരം ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 25.03.17 ആണ്. ഫലത്തിൽ, ഈ പ്രവൃത്തികളുടെ ടെണ്ടർ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ തീയ്യതിയും ടെണ്ടറുകൾ സമർപ്പിക്കാനുള്ള തീയ്യതിയും തമ്മിൽ കേവലം 5 ദിവസത്തെ ഇടവേളയാണ് ലഭിച്ചിട്ടുള്ളത്. കൂടുതൽ കരാറുകാർ പങ്കെടുക്കുന്നതിലൂടെ ഉണ്ടാകുന്ന മത്സരത്തിലൂടെ കുറഞ്ഞ നിരക്ക് ലഭിക്കുകയും അതിലൂടെ ലഭിക്കുന്ന ലാഭം പഞ്ചായത്തിന് ഉപകരിക്കാനുള്ള സാധ്യതയെയാണ് ഇത് പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരത്തിലുള്ള പ്രതിസന്ധികൾ ഒഴിവാക്കാനുള്ള ജാഗ്രത ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും എടുക്കേണ്ടതാണ്.

## 3-8 ഇ-ടെണ്ടർ: LSGD ഡിവിഷൻ ഓഫീസിൽ നിന്നും ടെണ്ടർ ഫോറം വില

**ലഭ്യമാക്കിയിട്ടില്ല.**

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ച 6 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ LSGD തൃശ്ശൂർ ഡിവിഷൻ എക്സി.എഞ്ചിനിയറുടെ ഓഫീസിൽനിന്നും 18,900 ലഭിക്കാനുള്ളതായി ഓഡിറ്റ് എൻക്വയറി നം.2-ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത തുക എത്രയും വേഗം ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 3-9 LS Provision അധികനിരക്കിൽ വകയിരുത്തി: തിരുത്തൽ നടപടികൾ ആവശ്യപ്പെടുന്നു.

കേരള PWD Manual ഖണ്ഡിക1601.1.2-ൽ petty items-ന് lump sum തുക വകയിരുത്താവുന്നാണെന്നും എന്നാൽ അത്തരത്തിൽ വകയിരുത്തുന്ന തുക എസ്റ്റിമേറ്റിന്റെ 5%-ൽ അധികരിക്കാൻ പാടില്ലെന്നും നിഷ്കർഷിക്കുന്നുണ്ട്. 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങളിലെ{ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ തീ.29.03.17}ഖണ്ഡിക 6.4(2)-ൽ പ്രാബല്യത്തിലുള്ള നിയമങ്ങളും ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അവലംബിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തണമെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട്.

പഞ്ചായത്ത് കിണർ സംരക്ഷണം (so 066/18)എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ആകെ അടങ്കൽ തുകയായ 45,274രൂപയിൽ 13,085രൂപ (29%) LS വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇത് നിലവിലുള്ള നിയമവ്യവസ്ഥക്ക് വിരുദ്ധമായതിനാൽ വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8)2016-17സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് കിണർ സംരക്ഷണം എന്ന പദ്ധതിക്ക് 45,274രൂപ വകയിരുത്തി 07.03.2017-ൽ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാവുകയും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് സമർപ്പിക്കുകയുമാണുണ്ടായതെന്നും 2016-17 സാമ്പത്തിക വർഷത്തിൽ ലഭ്യമായ തുക പദ്ധതിക്ക് വകയിരുത്തുകയും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 32,189രൂപ മാത്രമേ ആവശ്യമായി വന്നുള്ളൂവെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി(2017-18) തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക നം.6.11-ൽ പ്രൊജക്റ്റ് ഡാറ്റാ എൻട്രി ചെയ്യുന്നതിനുമുൻപുതന്നെ എസ്റ്റിമേറ്റ് അംഗീകൃതനിരക്കുപ്രകാരമാണെന്ന് ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിൽനിന്നും ആസൂത്രണസമിതി അംഗീകാരത്തിനുമുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ടെന്ന് വ്യക്തമാണ്.

ഇത്തരത്തിൽ ആവശ്യത്തിലധികം തുക നിയമനിഷ്കർഷകൾക്കെതിരായി ചില ഇനങ്ങൾക്ക് വകയിരുത്തുന്നതിലൂടെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പരിമിതമായ തുക ചെലവഴിക്കപ്പെടാതെ പോകാനുള്ള സാധ്യത ഏറെയാണ്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കപ്പെടേണ്ടതിനാവശ്യമായ ജാഗ്രത അധികാരകേന്ദ്രങ്ങൾക്കുണ്ടാവേണ്ടതുണ്ട്.

## 3-10 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സിങ്കിൾ ടെണ്ടർ തുറന്നു.

G.O (P) No.324/2015/Fin Dated 30.07.2015 പ്രകാരം ആദ്യ തവണ ടെണ്ടർക്ഷണിച്ച് ഒരു ടെണ്ടർ മാത്രം ലഭിച്ചാൽ ലഭിച്ച ഏക ടെണ്ടർ തുറക്കാതെ ടെണ്ടർ ക്ഷണിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി 15 ദിവസത്തേക്ക് ദീർഘിപ്പിക്കുകയോ വീണ്ടും ടെണ്ടർ ക്ഷണിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ടെണ്ടർ നോട്ടീസ് നം.1/AE-LSGD/2016-17 തീ.20.12.16 പ്രകാരം 24 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ നവജ്യോതി കോളേജ് റോഡ് റീ-ടാറിങ്ങ് പ്രവൃത്തിക്കായി ലഭിച്ച ഒല്ലൂക്കര ഏരിയ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിന്റെ ഏക ടെണ്ടർ, ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ തുറക്കുന്ന തീയ്യതിയായ30.12.16-ൽ തുറന്നതായി ടെണ്ടർ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും കാണുന്നു. റീ-ടെണ്ടർ ക്ഷണിക്കുമ്പോൾ സമർപ്പിക്കുന്ന ടെണ്ടറുകളിൽ ആദ്യം സമർപ്പിക്കപ്പെട്ട ടെണ്ടറിന്റെ സ്വാധീനം ഇല്ലാതിരിക്കുന്നതിനാണ് ഇത്തരമൊരു വ്യവസ്ഥ സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലഭിച്ച ഏക ടെണ്ടർ തുറന്നതിലൂടെ സർക്കാർ ഉത്തരവിന്റെ ലക്ഷ്യം ഫലമണിയാതെ പോയി. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ശ്രദ്ധ ഉത്തരവാദപ്പെട്ടവർക്ക് ഉണ്ടാവേണ്ടതുണ്ട്.

## 3-11 സോളിങ്ങ്, കോൺക്രീറ്റിങ്ങ്, ടാറിങ്ങ് എന്നിവയ്ക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചു; സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം

13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി(2017-18) തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക13.8(1)-ൽ 14-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡുകളുടെ സംരക്ഷണം, പരിപാലനം എന്നിവ ഏറ്റെടുക്കാവുന്നതാണെന്ന് പറയുന്നുണ്ട്. തുടർന്ന് വിവിധ സർക്കുലറുകളിലൂടെ ഈ വിഷയത്തിന്മേലുണ്ടായ വിശദീകരണങ്ങളിൽ റോഡിന്റെ സംരക്ഷണവും പരിപാലനവും ഒഴിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട് [i)സർക്കുലർ നം.ഡിഎ1/859/2017/തസ്വഭവ തീ.10.11.17)

ii)തദ്ദേശ ഭരണവകുപ്പ് ചീഫ് എഞ്ചിനിയറുടെ 13.11.17-ലെ ഡിബി3/753/2013/സിഇ/തസ്വഭവ നം. സർക്കുലർ]

പുതിയതായി കോൺക്രീറ്റിങ്ങ്, ടാറിങ്ങ് പ്രവൃത്തികൾ ഏറ്റെടുക്കരുതെന്ന് മേൽ നിർദ്ദേശങ്ങൾ പ്രകാരം സർക്കാരിന്റെയും ചീഫ് എഞ്ചിനിയറുടെയും നിഷ്കർഷയുള്ളതായി കാണാം. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പുതിയ സോളിങ്ങ്, ടാറിങ്ങ്, കോൺക്രീറ്റിങ്ങ് എന്നിവക്ക് സർക്കാർ നിയന്ത്രണം ഉദ്ദേശിച്ചിരുന്നില്ലായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള സർക്കുലറുകൾ പുറപ്പെടുവിക്കാതിരിക്കാമായിരുന്നു. ഇതിനർത്ഥം ഇത്തരം പ്രവൃത്തികൾക്ക് സർക്കാർ നിയന്ത്രണം ഉണ്ട് എന്നുതന്നെയാണ്.

എന്നാൽ 2017-18സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്, കോൺക്രീറ്റിങ്ങ് തുടങ്ങിയ പ്രവൃത്തികൾ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടത്തിയിരിക്കുന്നു.

| | പ്രവൃത്തിയുടെ വിശദാംശങ്ങൾ | ചെലവ് | ട്രഷറി ബിൽ, മറ്റു വിശദാംശങ്ങൾ | അളവു പുസ്തകം നം. |
|---|---|---|---|---|
| 1. | ചെറുവാൾ പടിഞ്ഞാറെ പള്ളം(മാഞ്ഞാംകുഴി ബ്രാഞ്ച് റോഡ്) സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ് (so 099/18) | 3,98,648 | 61/28.02.18 | 21/18 |
| 2 | റോസ് ഗാർഡൻ റോഡ് മെറ്റലിങ്ങ് ടാറിങ്ങ്-വാർഡ്14(so 134/18) | 2,94,311 (ഇതിൽ 2ലക്ഷം രൂപ ധന.കമ്മീഷൻ ഗ്രാന്റ്) | 74/23.3.18 94,311 രൂപ 75/23.3.18 2,00,000രൂപ | 66/16-17 |
| 3 | ചെറുവാൾ ദാദ കമ്പനി റോഡ് 3-ാം ഘട്ടം സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ്(so 061/18) | 1,57,902 | 51/28.2.18 | 54/16-17 |
| 4 | തലോർ കുന്നിശ്ശേരി ബ്രാഞ്ച് റോഡ് സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ് (so 132/18) | 2,54,824(ഇതിൽ 2,02,488 രൂപ ധന.കമ്മീഷൻ ഗ്രാന്റ് | 50/22.2.18 2,02,488രൂപ 69/15.3.18 | 41/18 |
| 5 | എറവക്കാട് OMS UP സ്കൂൾറോഡ് കോൺക്രീറ്റിങ്ങ് (so 124/18) | 1,73,849 | 73/23.3.18 | 34/18 |
| 6 | ചെറുവാൾ കിഴക്കുമുറി ബ്രാഞ്ച് റോഡ് സോളിങ്ങ് മെറ്റലിങ്ങ് ടാറിങ്ങ് (so 098/18) | 2,43,767 | 59/28.2.18 | 20/17-18 |
| 7 | നെൻമണിക്കര ശ്രീ മഹാദേവക്ഷേത്രം-തെക്കേ ബ്രാഞ്ച് റോഡ് കോൺക്രീറ്റിങ്ങ്(so 059/18) | 2,99,583 | 1/30.6.17 | 52/16-17 |
| 8 | മൂത്തേടത്ത് മന ചെറിയറോഡ് കോൺക്രീററിങ്ങ് (so 056/18) | 2,44,120 | 12/17.7.17 | 60/16-17 |
| 9 | മറ്റം റോഡ് കോൺക്രീറ്റിങ്ങ് (so 116/18) | 1,98,599 | 39/23.2.18 | 29/18 |
| 10 | മടവാക്കര പള്ളിക്കുളം റോഡ് നിർമ്മാണം (so 029/18) | 1,03,620 (ഇതിൽ 89,088 രൂപ ധന.കമ്മീഷൻ | i)80/23.3.18 89,088രൂപ ii)വൗച്ചർ നം.21701222/ | 22/16-17 |

| | | | | |
|---|---|---|---|---|
| | | ഗ്രാന്റ്) | തീ.31.3.18 14,532രൂപ | |
| 11 | ഉണ്ണിനഗർ സബ്റോഡ് നിർമ്മാണം ((so 034/18) | 1,58,064 | 72/23.3.18 | 16/16-17 |
| 12 | ഗ്രെയ്സ് കമ്പനി റോഡ് കോൺക്രീറ്റിങ്ങ്- വാർഡ് 15 (so 0137/18) | 4,25,638 | 70/19.3.18 | 45/18 |
| ആകെ | | 27,91,746 | | |

ഈ സാഹചര്യത്തിൽ സർക്കാരിന്റെയും തദ്ദേശഭരണ ചീഫ് ഏഞ്ചിനിയറുടെയും നിലവിലുള്ള നിർദ്ദേശങ്ങൾക്കെതിരായി പ്രവൃത്തി ചെയ്തതിന് ചെലവഴിച്ച 27,91,746രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-12 പുറമ്പോക്ക് ഭൂമി-സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ചിട്ടില്ല.

നെൻമണിക്കര ഗ്രാമപഞ്ചായത്തിന്റെ കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പുറമ്പോക്ക് ഭൂമി ചില വ്യക്തികൾ കൈയ്യേറിയതുമായി ബന്ധപ്പെട്ട ഏതാനും തീരുമാനങ്ങൾ രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത തീരുമാനങ്ങളിൽനിന്നും പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയെ പറ്റി വ്യക്തമായ ധാരണ ഗ്രാമപഞ്ചായത്തിനില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഉദാഹരണത്തിന് പഞ്ചായത്ത് കമ്മിറ്റിയുടെ 12.05.17-ലെ 3-ാം നം.തീരുമാനപ്രകാരം പഞ്ചായത്തിലെ 4-ാം വാർഡിൽ നെൻമണിക്കര വില്ലേജ് പുലക്കാട്ടുകര ദേശത്ത് സർവ്വേ നം.240/1-ലെ പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയിലെ I.P.കുട്ടന്റെ കയ്യേറ്റം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം 28.04.17-ൽ ഒഴിപ്പിച്ചിട്ടുള്ളതാണെന്നും ഒഴിപ്പിക്കലിനു ശേഷം പ്രസ്തുത ഭൂമിയുടെ കിഴക്കെ അതിര് മുള ഉപയോഗിച്ച് അടച്ചുകെട്ടിയിട്ടുള്ളതും പ്രവേശനഭാഗത്ത് നടുവിലായി കോൺക്രീറ്റ് തൂണ് സ്ഥാപിച്ചിട്ടുള്ളതുമാണെന്നും ടി വസ്തുവിന്റെ പടിഞ്ഞാറെ അതിരളവ് വ്യക്തമല്ലാത്തതിനാലും വടക്കെ അതിരിൽ മറ്റു കൈയ്യേറ്റം ഉള്ളതായി സംശയിക്കുന്നതിനാലും BTR പ്രകാരമുള്ള ഭൂമിയുടെ അതിരളവ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. ഉദാഹരണത്തിന് ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ്ധ്യാന്തി പുലർത്തേണ്ടതാണെന്ന് വിവിധ സർക്കുലറുകൾ പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നെൻമണിക്കര പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും ഇല്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമിയിൽ കൈയ്യേറ്റങ്ങളില്ല എന്ന് ഉറപ്പിക്കുവാനും ഭാവിയിൽ കൈയ്യേറ്റങ്ങളുണ്ടാകാതിരിക്കുവാനുമുള്ള നടപടികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൈക്കൊള്ളേണ്ടതാണ്.

## 3-13 സാമ്പത്തിക വർഷാവസാനം പദ്ധതികൾ ഉപേക്ഷിക്കൽ -നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ആവിഷ്ക്കരിക്കുന്നതിന് താഴെ പറയുന്ന9 ഘട്ടങ്ങൾ അവലംബിക്കേണ്ടതുണ്ട്.

1. ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും രൂപീകരിക്കൽ
2. വികസനരേഖ തയ്യാറാക്കൽ
3. ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ
4. വികസന സെമിനാർ
5. വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ
6. പ്രൊജക്ടറുകൾ തയ്യാറാക്കൽ
7. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

8. പ്രൊജക്റ്റുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

9. വാർഷിക പദ്ധതി നിർവ്വഹണവും മോണിട്ടറിങ്ങും

ആകെയുള്ള 9ഘട്ടങ്ങളിൽ 8 ഘട്ടങ്ങളും പദ്ധതികളുടെ ആസൂത്രണവുമായും ശേഷിക്കുന്ന ഒരു ഘട്ടം നിർവ്വഹണവുമായി ബന്ധപ്പെട്ടതുമാണ്. ഇതിൽനിന്നും പദ്ധതി ആസൂത്രണത്തിന്റെ പ്രാധാന്യം വ്യക്തമാണ്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 23.02.18-ലെ 2-ാം നം.തീരുമാന പ്രകാരം താഴെ പറയുന്ന5 പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ട്. വിവിധ ആസൂത്രണ ഘട്ടങ്ങളിൽ പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ കാരണങ്ങളായി ചൂണ്ടിക്കാട്ടിയാണ് ഇത്തരം പദ്ധതികൾ ഉപേക്ഷിച്ചത് എന്നുള്ളത് പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണത്തിന്റെ ന്യൂനതയാണ് വെളിവാക്കുന്നത്.

| പദ്ധതിയുടെ പേര് | അടങ്കൽ | ഉപേക്ഷിക്കുന്നതിനുള്ള കാരണം |
|---|---|---|
| ആശ്രയ പദ്ധതിക്കുള്ള വിഹിതം നൽകൽ (so 013/18) | 1,50,000 | ഇപ്പോൾ നിർവ്വഹണം നടത്തുന്നതിന് അംഗീകൃത പദ്ധതിയിൽ ഗുണഭോക്താക്കൾ ഇല്ലാത്തതിനാലും അഗതി രഹിത പദ്ധതി നിർവ്വഹണം ആരംഭിക്കാത്തതിനാലും റദ്ദാക്കുന്നു. |
| സ്വയംതൊഴിലിന് ആസ്തികൾ (വനിതാഗ്രൂപ്പ്) (so 133/18) | 3,00,000 | നിബന്ധന പാലിക്കുന്ന ഗ്രൂപ്പുകൾ ഇല്ലാത്തതിനാൽ റദ്ദാക്കുന്നു. |
| സ്വയംതൊഴിലിന് ആസ്തികൾ (വനിതാഗ്രൂപ്പ്) (so 172/18) | 1,50,000 | നിബന്ധന പാലിക്കുന്ന ഗ്രൂപ്പുകൾ ഇല്ലാത്തതിനാൽ റദ്ദാക്കുന്നു. |
| തീറ്റപ്പുൽകൃഷിക്ക് വിത്ത് വിതരണം (so 162/18) | 40,000 | ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ സാങ്കേതിക ബുദ്ധിമുട്ടുള്ളതായി ഡയറി ഫാം ഇൻസ്ട്രക്ടർ അറിയിച്ചു. |
| ശ്രീറാം കോമ്പൗണ്ട് റോഡ് കോൺക്രീറ്റിങ്ങ് (so 117/18) | 1,50,000 | സാങ്കേതിക കാരണങ്ങളാൽ ഇതുവരെയും TS ലഭിക്കാത്തതിനാൽ ഉപേക്ഷിക്കുന്നു. |

ഏറെ മനുഷ്യാദ്ധ്വാനം ചെലവഴിക്കുന്ന പദ്ധതി ആസൂത്രണം ഫലദായകമാക്കാനും പഞ്ചായത്തിനു ലഭിക്കുന്ന പരിമിതമായ വിഭവങ്ങൾ വിവേകപൂർണ്ണമായി ചെലവഴിക്കുന്നതിനുമുള്ള ജാഗ്രത തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാവേണ്ടതുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | പ്രോജക്റ്റ് നം.153/18 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | - |
| " | " | 50000 | പ്രോജക്റ്റ് നം. 160/18 പാൽ സൊസൈറ്റിക്ക് സബ്സിഡി | 25092 | 24908 |

| | | | | | |
|---|---|---|---|---|---|
| “ | “ | 70000 | പ്രോജക്ട് നം.മുച്ചക്രവാഹന സബ്സിഡി | - | 70000 |
| “ | “ | 500000 | പ്രോജക്ട് നം.സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 500000 | - |
| ബ്ലോക്ക് പഞ്ചായത്ത് | “ | 100000 | പ്രോജക്ട് നം.153/18 | 100000 | - |
| “ | “ | 50000 | പ്രോജക്ട് നം. 160/18 പാലിന് സബ്സിഡി | 50000 | - |
| “ | “ | 110500 | പ്രോജക്ട് നം. നെൽകർഷകർക്ക് സബ്സിഡി വിത്ത് വളം കുമ്മായം | 110500 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ വാർഡ്- 13 കുന്നംപുറം വാട്ടർടാങ്ക് റോഡ് | 21700207 | 70000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 70000 |
| പി.ഡബ്ല്യൂ.ഡി | പ്രോജക്ട് നം.208/18 ഹരിതകേരളം ക്യാമറ സ്ഥാപിക്കൽ | 21701255 | 440000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 440000 |
| പി.ഡബ്ല്യൂ.ഡി | പ്രോജക്ട് നം.208/18 ഹരിതകേരളം ക്യാമറ സ്ഥാപിക്കൽ | 21701226 | 115000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 1150000 |
| കെ.എസ്.ഇ.ബി ഒല്ലൂർ | പ്രോജക്ട് നം.16/18 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21700942 | 20000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 20000 |
| കെ.എസ്.ഇ.ബി ഒല്ലൂർ | പ്രോജക്ട് നം.16/18 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21700943 | 32012 | 0 | പൂർത്തീകരിച്ചിട്ടില്ല. | 32012 |
| കെ.എസ്.ഇ.ബി ഒല്ലൂർ | പ്രോജക്ട് നം.70/18 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700493 | 185187 | 0 | പൂർത്തീകരിച്ചിട്ടില്ല. | 185187 |
| കെ.എസ്.ഇ.ബി ഒല്ലൂർ | പ്രോജക്ട് നം.156/18 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21700957 | 115658 | 115658 | പൂർത്തീകരിച്ചു. | യു.സി ലഭിച്ചു. |
| കെ.എസ്.ഇ.ബി, പുതുക്കാട് | പ്രോജക്ട് നം.156/18 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21700966 | 53600 | 0 | പൂർത്തീകരിച്ചിട്ടില്ല. | 53600 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഒല്ലൂർ | പ്രോജക്ട് നം.156/18 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21700998 | 21396 | 21396 | പൂർത്തീകരിച്ചു. | യു.സി ലഭിച്ചു. |
| കെ.എസ്.ഇ.ബി, പുതുക്കാട് | പ്രോജക്ട് നം.156/18 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21701034 | 9346 | 0 | പൂർത്തീകരിച്ചിട്ടില്ല. | 9346 |
| കെ.എസ്.ഇ.ബി, പുതുക്കാട് | പ്രോജക്ട് നം.16/18 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21701109 | 175000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 175000 |
| കെ.എസ്.ഇ.ബി, പറപ്പൂക്കര | പ്രോജക്ട് നം.16/18 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21701107 | 650 | 0 | പൂർത്തീകരിച്ചിട്ടില്ല. | 650 |
| കെ.എസ്.ഇ.ബി ഒല്ലൂർ | പ്രോജക്ട് നം.16/18 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21701108 | 185 | 0 | പൂർത്തീകരിച്ചിട്ടില്ല. | 185 |
| കെ.എസ്.ഇ.ബി ഒല്ലൂർ | പ്രോജക്ട് നം.16/18 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21701110 | 325000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 325000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്-

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| -ഇല്ല- | | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 200 | കുമാരൻ, കാരക്കട, ചിത്തിര പോട്ടറീസ് | 117030105144 തിയ്യതി 05/02/2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.2.10.1 | ലഭ്യമല്ല | - | തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളുടേയും വ്യക്തികളുടേയും വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.6 | ലഭ്യമല്ല | - | കൃഷിക്കാർക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.7 | ലഭ്യമല്ല | - | കരാറുക്കാർക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.8 | ലഭ്യമല്ല | - | വാഹന ഉടമകൾക്ക് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.10.9 | ലഭ്യമല്ല | - | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.2 | ലഭ്യമല്ല | - | അസ്സസ്സ്മെൻറ് ബുക്കുകൾ സൂക്ഷിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.4 | ലഭ്യമല്ല | - | പിരിച്ച തുകകൾ ഡിമാൻറ് ആയി രേഖപ്പെടുത്തുന്നത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.12.5 | ലഭ്യമല്ല | - | ഡി.സി.ബി പത്രിക സമയത്തിന് തയ്യാറാക്കാത്തത് | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |
| 2005-06 | 3.2.15.1 | ലഭ്യമല്ല | - | ആന്തരിക നിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കാത്തത്. | 29.06.17 ന് നടന്ന നിയമസഭാസമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്. |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,30,96,194 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,51,67,599 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹39,09,004 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,62,258 | എം.വിജയലക്ഷ്മി, സെക്രട്ടറി |
| 3-2 | 5,55,000 | എം.വിജയലക്ഷ്മി, സെക്രട്ടറി |
| 3-11 | 27,91,746 | അന്ന പി.പ്രഭ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹39,09,004 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എം.വിജയലക്ഷ്മി | സെക്രട്ടറി, നെന്മണിക്കര ഗ്രാമപഞ്ചായത്ത് | |
| അന്ന പി.പ്രഭ | അസിസ്റ്റന്റ് എഞ്ചിനീയർ, നെന്മണിക്കര ഗ്രാമപഞ്ചായത്ത് | |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം |
|---|---|
| 84-85,85-86,86-87, 87-88, 89-90, 91-92,92-93,93-94 | എൽ എഫ് (ടി എസ് 2)-1399/28.10.11 /3.12.11 |
| 1994-95,1995-96,1996-97(ചെലവ്) ,1997-98,1998-99(ചെലവ്), 1999-2000 | കെ.എസ്.എ.ടി.എസ്.ആർ(പി6)266/16 /27.02.16 ഓഡിറ്റ് അദാലത്ത് 18.02.16) |
| 2000-01,01-02 (ജനകീയാസൂത്രണം) | എൽ.എഫ് ടി9-1565/03/12.04.04 |
| 2000-01 | എൽ.എഫ് ടി9-193/04/7.8.04 |
| 2001-02 | എൽ.എഫ് ടി9-192/04/7.8.04 |
| 2002-03 | എൽ.എഫ് ടി9-392/05/18.6.05 /14.11.05 |
| 2003-04 | എൽ.എഫ് ടി9-1704/08/21.8.09 |
| 2004-05 | എൽ.എഫ് ടി9-1705/08/21.8.09 |
| 2005-06 | എൽ.എഫ് ടി9-1560/09/25.9.10 |
| 2006-07 | എൽ.എഫ് ടി9-1561/09/25.9.10 /08.06.11 |
| 2007-08 | എൽ എഫ് ടി(പി2)883/12/10.09.12 |
| 2008-09 | എൽ എഫ് ടി(പി2)884/12/10.09.12 |
| 2009-10 | എൽ എഫ് ടി(പി2)885/12/10.09.12 |
| 2010-11 | എൽ എഫ് ടി(പി2)886/12/10.09.12 |
| 2011-12 | എൽ എഫ് ടി(പി2)371/13/16.07.13 |
| 2012-13 | എൽ എഫ് ടി(പി2)188/14/11.09.14 /12.11.14 |
| 2013-14 | എൽ എഫ് ടി(പി6)187/15/11.05.15 /8.7.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 6)941/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി 6)1908/16 തീയതി 4.11.16/30.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി 6)1521/17 തീയതി 27.11.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം- 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -2

## ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ